പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1373. — 08.02.2013 ൽ മറുപടിക്ക്

## ഡീസൽ വിലനിയന്ത്രണവും ആവശ്യ വസ്തുക്കളുടെ വില വർദ്ധനവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എളമരം കരീം :<br>,, ബി. സത്യൻ:<br>,, ബാബു എം. പാലിശ്ശേരി:<br>,, എം. ഹംസ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ ഡീസൽ വില നിയന്ത്രണം നീക്കിയതിനെ തുടർന്നുണ്ടായ ഡീസൽ വിലവർദ്ധനവ് സംസ്ഥാനത്തെ ജനജീവിതത്തെ എങ്ങിനെയൊക്കെ ബാധിക്കും എന്ന കാര്യം വിലയിരുത്തുകയുണ്ടായോ ;<br>(ബി) ഡീസലിന്റെ വൻ വിലവർദ്ധനവ് സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ നിലവിലുള്ള വിലക്കയറ്റം കൂടുതൽ രൂക്ഷമാക്കാൻ ഇടയാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (എ) + (ബി) | ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ആവശ്യകതയുടെ 15% അവശ്യ വസ്തുക്കൾ മാത്രമേ ഇവിടെ ഉല്പാദിപ്പിക്കുന്നുള്ളു. 85%വും മറ്റ് സംസ്ഥാനങ്ങളെയോ പൊതുവിതരണ സമ്പ്രദായത്തെയോ ആശ്രയിച്ചാണ് നിറവേറ്റപ്പെടുന്നത്. ഡീസൽ, പെട്രോൾ വില വർദ്ധനവ്, ചരക്കുകൂലി വർദ്ധനവ് എന്നിവയ്ക്കനുസൃതമായി വിലയിൽ വർദ്ധനവ് ഉണ്ടാകുന്നു. |
| (സി) പ്രസ്തുത അവസ്ഥ തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ? | (സി) | സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടൽ മൂലം പൊതുവിപണിയിൽ ഉണ്ടാകുന്ന അവശ്യ വസ്തുക്കളുടെ വില വർദ്ധനവ് ഒരു പരിധിവരെ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം BPL/AAY കാർഡുടമകൾക്ക് പ്രതിമാസം യഥാക്രമം 25 Kg., 35 Kg എന്ന കണക്കിൽ അരി ഒരു രൂപാ നിരക്കിലും, APL വിഭാഗത്തിൽപ്പെട്ട 42 ലക്ഷത്തോളം പേർക്ക് 2/- രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്നതും OMSS നിരക്കിൽ കേന്ദ്രം അനുവദിച്ചിട്ടുള്ള അരിയും ഗോതമ്പും വിതരണം നടത്തിവരുന്നതും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഏറെ സഹായകമായിട്ടുണ്ട്. |

കൂടാതെ BPL വിഭാഗത്തിന് പ്രത്യേക വിഹിതമായി 132725 MT അരിയും 54211 MT ഗോതമ്പും കേന്ദ്രം അനുവദിച്ചിട്ടുണ്ട്. ആയത് നിലവിലുള്ള BPL കാർഡുകാർക്ക് 25 Kg. അരി 1/- രൂപാ നിരക്കിലും 10 Kg. ഗോതമ്പ് 2/- രൂപാ നിരക്കിലും വിതരണം ചെയ്യുന്നതിന് പുറമേ 5 Kg. അരി 6.20 രൂപാ നിരക്കിലും 2 Kg. ഗോതമ്പ് 4.70 രൂപാ നിരക്കിലും വിതരണം ചെയ്യുന്നു. 2009 ലെ BPL ലിസ്റ്റിൽ ഉൾപ്പെട്ടതും എന്നാൽ BPL കാർഡ് ലഭിക്കാത്തതുമായ 11.80 ലക്ഷം കുടുംബ ങ്ങൾക്ക് നിലവിൽ 2/- രൂപാ നിരക്കിൽ ലഭിക്കുന്ന 9 Kg. അരി 2 Kg. ഗോതമ്പ് എന്നിവയ്ക്ക് പുറമേ 19 Kg. അരി 6.20 രൂപാ നിരക്കിലും 6 Kg. ഗോതമ്പ് 4.70 രൂപാ നിരക്കിലും അടുത്ത നാല് മാസ ങ്ങളിൽ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിലക്കയറ്റം ഒരു പരിധി വരെ നിയന്ത്രിക്കുന്നതിന് സപ്ലൈക്കോ യുടെ പൊതുവിപണി ഇടപെടൽ സഹാ യകമാകുന്നു.

(ഡി) ഗോതമ്പ്, മണ്ണെണ്ണ തുടങ്ങിയറേഷൻ സാധനങ്ങളുടെ വിലവർദ്ധന പിൻവലിക്കുന്നതിന് കേന്ദ്ര സർക്കാരി നോട് ആവശ്യപ്പെടുമോ ;

(ഡി) പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ഇ) വില നിയന്ത്രിക്കുന്നതിന് ഓപ്പൺ സെയിൽ സ്കീം പ്രകാരം വിതരണം ചെയ്യുന്ന അരിയുടെ വില കുറയ്ക്കാൻ തയ്യാറാകുമോ; വില കുറച്ച് എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ വിത രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഇ) പൊതു വിപണിയിലെ ചെറുകിട സ്ഥാപന ങ്ങൾക്കാണ് OMSS പദ്ധതി പ്രകാരമുള്ള അരി അനുവദിച്ചു വരുന്നത്. ഒരോ മാർക്ക റ്റിംഗ് സീസണിലും OMSS നിരക്കുകൾ കേന്ദ്ര സർക്കാർ പുതുക്കാറുണ്ട്. വില കുറയ്ക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർ ക്കാരാണ് തീരുമാനം എടുക്കേണ്ടത്. 2013 മാർച്ച് വരെയുള്ള കാലയളവിലേക്ക് അനുവദിച്ചിട്ടുള്ള 20000 MT OMSS അരിയുടെ വിഹിതത്തിൽ നിന്ന് സപ്ലൈക്കോയ്ക്കും കൺസ്യൂമർ ഫെഡിനും അരി അനുവദി ച്ചിട്ടുണ്ട്.

(എഫ്) സപ്ലൈകോയുടെ പൊതുവിതരണ കേന്ദ്രങ്ങളിലൂടെ വിതരണം ചെയ്യപ്പെടുന്ന അവശ്യവസ്തുക്കളുടെ വില കുറച്ച് ആവശ്യാനുസരണം വില്ക്കാൻ തയ്യാറാകുമോ ;

(എഫ്) മാർക്കറ്റിടപെടൽ പദ്ധതിയുടെ ഭാഗമായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാലകൾ വഴി കുറഞ്ഞ നിരക്കിൽ അരി, പയറു വർഗ്ഗങ്ങൾ, പഞ്ചസാര, വെളിച്ചെണ്ണ എന്നീ അവശ്യസാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്. . സർക്കാരിൽ നിന്നും ലഭിക്കുന്ന സബ്സിഡിയുടെ പ്രയോജനം എല്ലാ ഉപഭോക്താക്കൾക്കും ലഭിക്കണമെന്ന ഉദ്ദേശത്തോടെ വിതരണത്തിന് റേഷൻ കാർഡ് വഴി ഒരു നിശ്ചിത അളവു മാത്രം ഒരോ മാസവും നല്കി വിതരണം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ അളവിന് പുറമേ ഉപഭോക്താക്കൾക്ക് പൊതു വിപണിയേക്കാളും കുറഞ്ഞ നിരക്കിൽ ഇവ ലഭ്യമാക്കാൻ സപ്ലൈകോ ഇ ടെൻഡർ വഴി വാങ്ങി, വാങ്ങിയ വിലയോടൊപ്പം കടത്തുകൂലിയും കൈകാര്യ ചെലവുകളും മാത്രംചേർത്ത് ഫ്രീ സെയ്ൽ സബ്സിഡി നിരക്കുകളിൽ ആവശ്യാനുസരണം വിതരണം നടത്തുന്നുണ്ട്.

(ജി) ഡീസൽ വിലനിയന്ത്രണം പുനസ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

(ജി) പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ